ശ്രീ. പി. സി. ജോർജ് : സർ, റവന്യു വകുപ്പുമന്ത്രിയും നമ്മളെല്ലാവരും കൂടി വലിയ ആഘോഷകരമായിട്ട് പാസ്സാക്കിയ നിയമമാണ് നെൽവയൽ. നീർത്തട സംരക്ഷണ നിയമം. ഇപ്പോൾ വ്യാപകമായി നെൽവയലുകൾ നികത്തി അവിടെ കെട്ടിടം പണിയുകയാണ്. ബഹുമാനപ്പെട്ട ശ്രീ. എം. ചന്ദ്രൻ ചോദിച്ചതാണ് സത്യം. ആ നിലയ്ക്ക് നെൽവയൽ നികത്തിയിട്ടുണ്ടെങ്കിൽ അത് നെൽവയൽ ആക്കി മാറ്റാൻ നിയമം ഉണ്ട്. ഇതുവരെ അങ്ങനെ ഒരു സംഭവം ഈ സംസ്ഥാനത്ത് നടന്നിട്ടില്ല. അതിന് ത്രിതല പഞ്ചായത്തൊക്കെ കൂട്ട് നിൽക്കുകയാണ്. നമ്മൾ ജനപ്രതിനിധികളാണ്. പറയാതിരിക്കാൻ പറ്റില്ല. ആ കാര്യത്തിൽ അങ്ങ് സ്ട്രിക്ടായി ഒരു തീരുമാനം എടുത്ത് നടപ്പാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പഞ്ചായത്തുകൾക്ക് എന്ത് ചെയ്യാൻ കഴിയും ? ബഹുമാനപ്പെട്ട മെമ്പർ ഇത് മനസ്സിലാക്കിയിട്ടാണോ പറയുന്നത്. അത് സർക്കാരല്ലേ ചെയ്യേണ്ടത്. അത് സർക്കാർ നോക്കണം. അനധികൃതമായിട്ട് നികത്തിയിട്ടുള്ള ഭൂമിയിൽ പഞ്ചായത്തുകൾ പെർമിറ്റ് കൊടുക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. ഉണ്ടെന്നുണ്ടെങ്കിൽ അത് തീർച്ചയായിട്ടും ഞാൻ പരിശോധിക്കും.

ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ

2 (* 632) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനതലത്തിൽ ഒരു ഏകീകൃത ഉന്നതതല മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഇതുവരെ സ്വീകരിച്ചത് ;

(സി) പ്രധാനപ്പെട്ട ഏതൊക്കെ ക്ഷേത്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനത്തിനാണ് ഇത്തരം പാക്കേജിലൂടെ ലക്ഷ്യമിട്ടിരുന്നത് ;

(ഡി) ഈ വർഷം ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസന സൗകര്യങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ക്ഷേത്രാചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും പ്രാഗൽഭ്യമുള്ളവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തേടുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) സർക്കാർ തലത്തിൽ ഇല്ല. എന്നാൽ കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ദേവസ്വത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചോറ്റാനിക്കര ക്ഷേത്രത്തിൽ 15 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ബോർഡ് അംഗീകരിച്ചിട്ടുള്ളതാണ്. തിരുവിതാംകൂറിൽ പൊതുവായുള്ള പാക്കേജിന് രൂപം നൽകിയിട്ടില്ലെങ്കിലും ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനായി ബൃഹത്തായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റി ബോർഡുകളാണ് ഇക്കാര്യം നിർവ്വഹിക്കുന്നത്. ഗുരുവായൂർ ദേവസ്വവും തനത് ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ഓരോ ക്ഷേത്രങ്ങളുടേയും ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ചരിത്രപശ്ചാത്തലം തുടങ്ങിയവ കണക്കിലെടുത്ത് തച്ചുശാസ്ത്രവിധി പ്രകാരമാണ് ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസനവും പുനരുദ്ധാരണ പ്രവർത്തനങ്ങളും പൊതുവെ നടത്തിവരുന്നത്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമായ ശബരിമല ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങളുടെ ഗുരുതരമായ പ്രശ്നം അവിടത്തെ മാലിന്യമാണ്. വീണ്ടും ഒരു പുതിയ സീസൺ വരുകയാണ്. പമ്പാ ആക്ഷൻ പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ നമുക്ക് ഒന്നാമത്തെ ഗഡുവായി ഏകദേശം 18 കോടി രൂപയോളം നൽകിയിട്ടുണ്ട്. ഇപ്പോഴും അവിടത്തെ മാലിന്യ പ്ലാന്റിന്റെ നിർമ്മാണം ഒച്ച് ഇഴയുന്ന വേഗതയിലാണ് ഇഴയുന്നത്. ഈ രീതിയിൽ പോകുകയാണെങ്കിൽ അടുത്ത കാലത്തൊന്നും മാലിന്യ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകില്ല. ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർ വരുന്ന ശബരിമലയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ദേവസ്വം ബോർഡിന് കഴിയില്ലെങ്കിൽ ഗവൺമെന്റ് തന്നെ പ്രത്യേകം താൽപര്യമെടുത്ത് മാലിന്യ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ക്ഷേത്രങ്ങളുടെ വികസനത്തിന് ദേവസ്വം വകുപ്പ് നേരിട്ട് പദ്ധതി ആവിഷ്ക്കരിക്കാറില്ലെങ്കിലും അതാത് ദേവസ്വം ബോർഡുകൾ, ക്ഷേത്ര ഭരണസമിതികളാണ് ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ശബരിമല ഏറ്റവും പ്രാധാന്യമർഹിക്കുന്ന അന്തർദേശീയ പ്രാധാന്യമുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ്. ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരികയാണ്. 2050 വരെ നീണ്ടുനിൽക്കുന്ന ഈ ബൃഹത്തായ വികസന പദ്ധതികൾ, അതിന്റെ വിവിധ കാര്യങ്ങൾ, മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞതവണ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം ഞങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. പ്ലാസ്റ്റിക്കിന്റെ ഉപയോഗമാണ് ഏറ്റവും കൂടുതൽ രൂക്ഷമായ പ്രശ്നം. അത് ഉൾപ്പെടെ ഖരമാലിന്യങ്ങൾ സംസ്ക്കരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവിടെ നിർവ്വഹിച്ചുവരികയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഇവിടെ ഉന്നയിച്ച ദ്രവമാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ പ്രവർത്തനം പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നതാണ്. അതിന്റെ തുക ഇപ്പോൾ ഏതാണ്ട് 29 കോടി രൂപയായി. ആ 29 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം സംസ്ഥാന മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലാണ്. അടുത്ത മന്ത്രിസഭാ യോഗത്തിൽ തന്നെ 29 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുകൊണ്ട് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഈ സീസണിൽ തന്നെ ആരംഭിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ശിവപാർവ്വതി ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ്. ഇളങ്കോഅടികൾ ചിലപ്പതികാരത്തിൽ പരാമർശിപ്പിക്കപ്പെട്ട ക്ഷേത്രമാണ്. തൃപ്പൂത്താറാട്ട് എന്ന് പറഞ്ഞ ഒരു ആചാരം ഉള്ള ഇന്ത്യയിലെ ഏക ക്ഷേത്രമാണ്. അത് എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ആ ക്ഷേത്രം യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത ക്ഷേത്രമാണ്. പക്ഷേ ദേവസ്വം ബോർഡിന് വലിയ വരുമാനം ലഭിക്കുന്ന ക്ഷേത്രവുമാണ്. ആ ക്ഷേത്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ? ഒറ്റ കാര്യം കൂടി. ക്ഷേത്രത്തിലെ ശാന്തിമാരെ ഇപ്പോഴും തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ലാസ് 4 ജീവനക്കാരായിട്ടാണ് കണക്കാക്കുന്നത്. മലബാർ ദേവസ്വത്തിൽ അത് സബ് ഗ്രൂപ്പ് ഓഫീസറുടെ ഗ്രേഡാണ്. ശബരിമല മേൽശാന്തിയെ പോലും ക്ലാസ് 4 ജീവനക്കാരാക്കുന്ന ഈ അനീതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് ഈ കാര്യം ഒരു സബ്മിഷനിലൂടെ ഉന്നയിച്ചപ്പോൾ ആ കാര്യത്തിന് മറുപടി പറഞ്ഞതാണ്. ആ കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച ക്ഷേത്ര സംവിധാനങ്ങളിലെ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽ വന്നതാണ്. ഭക്തജന സാന്ദ്രത വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ദേവസ്വം ബോർഡിനെക്കൊണ്ട് എന്ത് ചെയ്യിക്കുവാൻ കഴിയുമെന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ മാലിന്യ സംസ്ക്കരണം വലിയ ഒരു പ്രശ്നമാണ്. അവിടെ ധാരാളം വിവാഹങ്ങൾ നടക്കുന്നുണ്ട്. ഊട്ടുപുരകൾ, ഊട്ടുപുരകളുടെ പരിസരപ്രദേശങ്ങൾ ഇവയൊക്കെ വലിയ അൺ ഹൈജീനിക്കായിട്ടുള്ള ഒരു സാഹചര്യമാണുള്ളത് എന്നുള്ളത് അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതാണ്. ആറന്മുള പാർത്ഥസാരഥി ക്ഷേത്രം ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ധാരാളം ആളുകൾ വരുന്ന ഒരു വലിയ ക്ഷേത്രമാണ്. ആ ക്ഷേത്രത്തിലെ ഊട്ടുപുരയുടെ കാര്യവും ഇതുതന്നെയാണ്. ഊട്ടുപുര പൊളിച്ച് അത് പണി തുടങ്ങിയിട്ട് ഇതുവരെ എങ്ങും എത്തിയിട്ടില്ല. അവിടത്തെ മാലിന്യ സംസ്ക്കരണ പ്ലാന്റിനെ സംബന്ധിച്ച് മുൻ ദേവസ്വം വകുപ്പുമന്ത്രി ചില പ്രഖ്യാപനങ്ങൾ ഈ സഭയിലും നടത്തി. ഒന്നും നടന്നില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ശ്രദ്ധിക്കുന്നതിനും ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ കാര്യങ്ങൾ പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് ദേവസ്വം ബോർഡ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ ചൂണ്ടിക്കാണിച്ച പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. അവിടെ ദർശനം നടത്തുന്ന ഭക്തജനങ്ങളും ക്ഷേത്ര ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ പ്രശ്നങ്ങൾ ഉയർത്തിയിട്ടുണ്ട്. അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് ദേവസ്വം ബോർഡ് പ്രവർത്തനങ്ങൾ നടത്തും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ശബരിമല ദേവസ്വത്തെ കുറിച്ചും തിരുവിതാംകൂർ ദേവസ്വം ബോർഡിനെ കുറിച്ചും ശബരിമലയുടെ പ്രവർത്തനത്തെ കുറിച്ചും പറഞ്ഞു. 105 ദിവസം കൊണ്ട് കേരളത്തിലെ ജനസംഖ്യയുടെ ഇരട്ടി ഭക്തജനങ്ങൾ വന്നുപെടുന്ന ഒരു സ്ഥലമാണത്. ലോകത്തിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ വീരുന്ന സ്ഥലങ്ങളിൽ ഒന്നാണ് ശബരിമല. അതിന്റെ അടിസ്ഥാന സൗകര്യ വർദ്ധനവിനുവേണ്ടിയാണ് കമ്പക്കല്ലിൽ 305 ഏക്കർ സ്ഥലം കൊടുത്തതിനുശേഷം നിലയ്ക്കലിലെ ഭൂമി എടുക്കാനും അതോടൊപ്പം പെരിയാർ ടൈഗർ പ്രോജക്ടിന് കീഴിലുള്ള പന്ത്രണ്ടിലധികം ഏക്കർ സ്ഥലത്ത് പുതിയ നിർമ്മാണം നടത്താനുമുള്ള നടപടികളുമായി നമ്മൾ മുന്നോട്ടുപോയത്. പക്ഷേ ഇതിൽ കാര്യമായ ഒരു മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും അയ്യപ്പഭക്തന്മാർ അനുഭവിക്കുന്ന യാതനയ്ക്കും വിഷമത്തിനും കയ്യും കണക്കുമില്ല. അവിടെ ക്യൂ കോംപ്ലക്സ് ഉണ്ടാക്കുമെന്ന് പറഞ്ഞു. അതിനോടനുബന്ധമായി വളരെ സീരിയസായ ഒരു പ്രശ്നമാണ് 52 ഭക്തജനങ്ങൾ അവിടെവച്ച് മരിച്ചത്. അവിടെ ഞങ്ങളെല്ലാം ഡെഡ് ബോഡി വാങ്ങുന്നതിനുവേണ്ടി ചെന്നതാണ്. അത്രയും ദു:ഖകരമായ പശ്ചാത്തലമുള്ള കേരളത്തിന്റെ ആത്മാഭിമാനത്തിന്റെ കൂടി കേന്ദ്രമായി ഒരു

പക്ഷേ നമുക്ക് ചിത്രീകരിക്കാൻ കഴിയുന്ന ഏറ്റവും സുപ്രധാനമായ ഈ ദേവസ്വത്തിൽ ചെയ്യേണ്ടതൊന്നും ചെയ്തിട്ടില്ല എന്ന് മാത്രമല്ല തിരുവിതാംകൂർ ദേവസ്വത്തിന്റെ കയ്യിലുള്ള വരുമാനം സർക്കാർ പല ആവശ്യത്തിനുംവേണ്ടി ഇങ്ങോട്ട് വാങ്ങിക്കുന്നു എന്നുള്ള പരാതികൂടി വരികയാണ്.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. ചോദ്യം ചോദിക്കൂ. പ്ലീസ്, പ്ലീസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സത്യം പറഞ്ഞാൽ, ഇവിടെ ഞാൻ ചോദ്യം ചോദിക്കുന്നതിന് എന്താണ് കുഴപ്പം ? ഇപ്പോൾ സീസൺ തുടങ്ങാൻ പോകുകയാണ്. ഇത്രയും തീവ്രമായ പ്രശ്നമുള്ള, ഗുരുതരമായ ഒരു ഇഷ്യൂ ഉള്ള സ്ഥലത്ത് ഈ ഗവൺമെന്റ് ആ സീസണു മുമ്പ് എന്ത് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ശബരിമല തീർത്ഥാടനകേന്ദ്രം അന്തർദേശീയ പ്രാധാന്യമുള്ള ഒരു തീർത്ഥാടനകേന്ദ്രമായി വളരുകയാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ഹൈപവർ കമ്മിറ്റി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ളത്. ശബരിമല മാസ്റ്റർപ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് എന്ന പേരിൽ ഒരു ട്രസ്റ്റും രൂപീകരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ നിലയ്ക്കൽ, എരുമേലി, പമ്പ, സന്നിധാനം, വണ്ടിപ്പെരിയാർ തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട ലേഔട്ട് പ്ലാനുകൾ, കൃ കോംപ്ലക്സ് നിർമ്മാണത്തിനുവേണ്ട ഡിസൈനുകളും എസ്റ്റിമേറ്റുമൊക്കെ തയ്യാറാക്കി റോപ്പ്വേ നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഇവിടെ പറഞ്ഞതുപോലെ പ്രധാനപ്പെട്ട പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകളെത്തുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ് ഗുരുവായൂർ. സ്വാഭാവികമായിട്ടും ചില പാരിസ്ഥിതിക പ്രശ്നങ്ങൾ അവിടെയുണ്ട്. ഗുരുവായൂർ നഗരസഭ മാതൃകാപരമായിട്ടുള്ള ചില പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരികയാണ്. ഗുരുവായൂർ നഗരം സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത പട്ടണമായി അവർ പ്രഖ്യാപിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഗുരുവായൂരിലെ ഒരു പ്രശ്നം അവിടെ കല്യാണം കഴിക്കുന്ന ആളുകൾക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണമാണ്. അത് നൽകുന്നതിന് അവധി ദിവസങ്ങൾ പോലും പ്രവർത്തിക്കുന്ന സംവിധാനം നഗരസഭ ഒരുക്കിയിട്ടുണ്ട്. മാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതികളും മുന്നോട്ടുപോകുകയാണ്. എന്റെ ചോദ്യം, ദേവസ്വം വകുപ്പും അതുപോലെ നഗരസഭയും മറ്റു സംവിധാനങ്ങളുമായിട്ടുള്ള ഒരു സംയുക്ത യോഗം ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗുരുവായൂർ ക്ഷേത്രത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. കെ. വി. അബ്ദുൾ ഖാദർ വളരെയധികം താല്പര്യം കാണിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷേത്രത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിച്ച വിവിധ പ്രശ്നങ്ങൾ ആലോചിക്കുന്നതിന് ഇതിനകം തന്നെ എം.എൽ.എ.മാർ, എം.പി. തുടങ്ങിയ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ട്. ഇപ്പോൾ ചൂണ്ടിക്കാട്ടിയ കാര്യം കൂടി ചർച്ച ചെയ്യുന്നതിന് അത്തരമൊരു യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, സംസ്ഥാനത്ത് വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളുണ്ട്. വരുമാനത്തിന്റെ കുറവുമൂലം അവയുടെ ദൈനംദിന പ്രവർത്തനങ്ങൾപോലും സ്തംഭനാവസ്ഥയിലാണ്. പല ക്ഷേത്രങ്ങളും ഇടിഞ്ഞുപൊളിഞ്ഞ അവസ്ഥയിലാണ്. വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങളുടെ സമ്പത്ത് ഉപയോഗിച്ച് കുറഞ്ഞ വരുമാനമുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേകമായി ഫണ്ട് സ്വരൂപിക്കാൻ സാധിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, മലബാർ ദേവസ്വം ബോർഡുൾപ്പെടെ ദേവസ്വം ബോർഡുകൾ തന്നെ ഓരോ ക്ഷേത്രങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിന് ഫണ്ട് നൽകിവരാറുണ്ട്. പക്ഷേ ക്ഷേത്രത്തിന്റെ ആവശ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാൻ അതുകൊണ്ട് സാധ്യമല്ലെങ്കിൽപ്പോലും ഇക്കാര്യത്തിൽ ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപ്പോലെയുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ക്ഷേത്രങ്ങളിൽ നടയിരുത്തുന്ന മൃഗങ്ങൾ - ആന, പശു എന്നിവ നടയിരുത്തിയതിനു ശേഷമുള്ള അവയുടെ ജീവിതം വളരെ പ്രയാസമുള്ളതാണ്. കാര്യമായിട്ട് ആരും ശ്രദ്ധിക്കുന്നില്ല. ഭക്ഷണം കൊടുക്കുന്നില്ല, തീറ്റ കൊടുക്കുന്നില്ല, വെള്ളം കൊടുക്കുന്നില്ല. എന്റെ മണ്ഡലത്തിലെ വെങ്ങാട്, ഗുരുവായൂർ ക്ഷേത്രത്തിന്റെ ഒരു ഗോകുലം ഉണ്ട്. അവിടെ നൂറുക്കണക്കിന് പശുക്കളുണ്ട്. പക്ഷേ ഈ പശുക്കൾക്ക് വെള്ളമില്ല, പുല്ലില്ല, അതിന് ജീവനില്ലാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ജീവകാരുണ്യപരമായ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഭക്തജനങ്ങൾ ഇതുപോലെ കന്നുകാലികളെയും മറ്റും നടയിരുത്തുന്നതിനുവേണ്ടി നൽകിവരുന്നുണ്ട്. അവയുടെ പരിരക്ഷ തീർച്ചയായും ബോർഡ് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് നിർവ്വഹിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നിർമ്മാണച്ചെലവുകളും മറ്റു ചെലവുകളും ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇന്ന് ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി നൽകിവരുന്ന ഗ്രാന്റ് വളരെ അപര്യാപ്തമാണ്. അത് കാലാനുസൃതമായി

വർദ്ധിപ്പിക്കുന്നതിനും കൂടാതെ കാലപ്പഴക്കമുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകമായ ഒരു സർവ്വേ നടത്തി പാക്കേജ് തയ്യാറാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി ചൂണ്ടിക്കാണിച്ചതുപോലെ പശ്ചാത്തല സൗകര്യ വർദ്ധനവ് സംബന്ധിച്ച് അതാത് ബോർഡുകൾ ചില പരിപാടികൾ രൂപീകരിക്കുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപ്പോലെയുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എം. എം. മോനായി : സർ, ക്ഷേത്രങ്ങളിലെ നിവേദ്യങ്ങൾ പലപ്പോഴും പ്ലാസ്റ്റിക് കണ്ടെയ്നറുകളിലാണ് കൊടുക്കുന്നത്, അത് കൊടുക്കാനായി പ്ലാസ്റ്റിക് ബാഗുകളും ഉപയോഗിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് ഗുരുവായൂർ നഗരസഭയിൽ സന്ദർശനം നടത്തിക്കഴിഞ്ഞപ്പോൾ ക്ഷേത്രത്തിൽ ധാരാളമായി പ്ലാസ്റ്റിക് ബാഗുകൾ വിതരണം ചെയ്യുന്നതായി മനസ്സിലാക്കാൻ സാധിച്ചു. തുണികൊണ്ടു നിർമ്മിച്ച സഞ്ചികൾ ഇന്ന് കുടുംബശ്രീ യൂണിറ്റുകൾ ധാരാളമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. അപ്പോൾ അതിനു പകരമായി തുണിസഞ്ചികൾ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വിഷയം തന്നെയാണ് ഞാൻ നേരത്തെ പറഞ്ഞത്. ശബരിമല യുമായി ബന്ധപ്പെട്ട് ദക്ഷിണേന്ത്യൻ സംസ്ഥാനമന്ത്രിമാരുടെ യോഗത്തിൽ ചർച്ച ചെയ്ത വിഷയമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന തുണിസഞ്ചികൾ ഉപയോഗിക്കുന്നതിനാവശ്യമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ വൈദികശാസ്ത്ര വിധിപ്രകാരം പുനരുദ്ധരിക്കുന്നതിനോ ക്ഷേത്രങ്ങളുടെ നിത്യനിദാനച്ചെലവുകൾ നടത്തുന്നതിനോ വഴിയില്ലാത്ത ഒരുപാട് ക്ഷേത്രങ്ങൾ മലബാറിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്റെ നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂരിലെ സുബ്രഹ്മണ്യക്ഷേത്രം തീ കത്തി നശിച്ചു. അതു പുനരുദ്ധരിക്കാൻ വഴിയില്ലാതെ വന്നപ്പോൾ അന്നത്തെ ദേവസ്വം മന്ത്രി ശ്രീ. ജി. കാർത്തികേയനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം രണ്ട് ലക്ഷം രൂപ അനുവദിച്ചു. അങ്ങയുടെ ഉത്തരത്തിൽ മലബാറിലെ ക്ഷേത്രങ്ങൾ നവീകരിക്കാനുള്ള ഒരു പദ്ധതിയും പറഞ്ഞില്ല. അങ്ങ് ഈ മന്ത്രിസഭയിലെ ഏറ്റവും നല്ല ക്ഷേത്രവിശ്വാസിയാണ്, അങ്ങയുടെ പേരിൽ പള്ളിയുണ്ടെങ്കിലും. അതുകൊണ്ട് മലബാറുകാരനായ അങ്ങ് മലബാറിലെ ക്ഷേത്രങ്ങൾ നവീകരിക്കുന്നതിന് ഒരു പാക്കേജ് പ്രഖ്യാപിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, മലബാർ ദേവസ്വത്തിന്റെ കീഴിൽ ഇത്തവണ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് സർക്കാർ ഏതാണ്ട് 16.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ വർഷം മൂന്ന് കോടി രൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. സി. പി. മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപ്പോലെ മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ കാര്യങ്ങൾ അതാത് ക്ഷേത്രങ്ങളുടെ ബോർഡ് തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ഇക്കാര്യത്തിൽ ബോർഡിന് ഗവൺമെന്റ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അയ്യപ്പക്ഷേത്രമാണ് ചമ്രവട്ടത്തുള്ള അയ്യപ്പക്ഷേത്രം. അവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തീർത്ഥജലത്തിൽ ഉപ്പുവെള്ളം കയറുന്നു എന്നുള്ളതാണ്. ശബരിമല സീസൺ വരുന്ന സന്ദർഭത്തിൽ പതിനായിരക്കണക്കിന് തീർത്ഥാടകരാണ് അവിടെ വന്നുപ്പോയിക്കൊണ്ടിരിക്കുന്നത്. അപ്പോൾ അവിടെ ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു സംരക്ഷണം ആവശ്യമായി വരുന്നു. ഇപ്പോഴവിടെ ഉപ്പുവെള്ളം കയറാൻ കാരണം പുഴയിൽ നിന്ന് മണൽ ഇഷ്ടംപോലെ എടുക്കുന്നതിന്റെ ഭാഗമായിട്ടാണ്. അവിടെ ഭിത്തികെട്ടി സംരക്ഷിച്ച് തീർത്ഥജലത്തിൽ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള സംവിധാനം ഗവൺമെന്റോ ബോർഡോ ചെയ്യണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ചമ്രവട്ടം ക്ഷേത്രത്തിൽ ഞാൻ സന്ദർശനം നടത്തിയതാണ്. ഈ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ജലസേചന വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, ഇത് രാമായണമാസമാണ്. രാമായണത്തെ അധികരിച്ചുള്ള ക്വിസ് മത്സരങ്ങളും പ്രബന്ധ മത്സരങ്ങളും അടങ്ങുന്ന രാമായണ മേളകൾ പല ക്ഷേത്രങ്ങളിലും നടത്തുകയാണ്. ദേവസ്വം ബോർഡിന്റെ ഗ്രാന്റ് അത്തരത്തിലുള്ള ക്ഷേത്രങ്ങളിൽ നൽകാൻ ശ്രദ്ധിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, നിലവിലുള്ള നിയമമനുസരിച്ച് ദേവസ്വം ബോർഡ് നൽകുന്ന ഗ്രാന്റ് വ്യവസ്ഥകൾക്കനുസരിച്ച് നൽകിവരുന്നുണ്ട്. പ്രത്യേകിച്ച് രാമായണമാസമെന്ന നിലയ്ക്ക് അത്തരം കാര്യങ്ങൾ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്ന് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എം. ജെ. ജേക്കബ് : സർ, ശബരിമലയും ഗുരുവായൂരും കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ് ചോറ്റാനിക്കര. എന്റെ നിയോജകമണ്ഡലത്തിൽ വരുന്ന ചോറ്റാനിക്കര ക്ഷേത്രത്തിന് വളരെ പ്രാധാന്യമുണ്ട്. അവിടെ ഒരു മാസ്റ്റർപ്ലാൻ ഇതിനകംതന്നെ തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഞാൻ നേരത്തെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞതാണ്. ചോറ്റാനിക്കര ക്ഷേത്രത്തിൽ 15 കോടി രൂപയുടെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, സാമൂതിരി വംശത്തിന്റെ കാലഘട്ടത്തിൽ ഏറ്റവും പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചിരുന്നതാണ് എന്റെ നിയോജക മണ്ഡലത്തിലെ താനാളൂർ കേരളാദീശ്വരപുരം വിഷ്ണുക്ഷേത്രം. ബ്രഹ്മസ്വത്തിന്റെ കീഴിലായിരുന്നതുകൊണ്ട് അത് ഇപ്പോൾ ജീർണ്ണാവസ്ഥയിലാണ്. അതിനോട് ചേർന്ന് മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള കഞ്ഞിക്കുളങ്ങര ശിവക്ഷേത്രത്തിന്റെയും അതേ പഞ്ചായത്തിൽത്തന്നെയുള്ള പ്രശസ്തമായ താനാളൂരിലെ നരസിംഹ ക്ഷേത്രത്തിന്റെയും നവീകരണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടന്നുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു ക്ഷേത്രവും വളരെ ജീർണ്ണാവസ്ഥയിലാണ്. അവിടെ സർക്കാരിന്റെ സഹായം ഇതുവരെ ലഭ്യമായിട്ടില്ല. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഈ ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനത്തിന് സഹായം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഗ്രാന്റ് നൽകുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച നവീകരണ പ്രവർത്തനങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

ശ്രീ. എം. ഹംസ : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വന്നുകൊണ്ടിരിക്കുന്ന ഒരു ആരാധനാ കേന്ദ്രമാണ് ശബരിമല. പരിസ്ഥിതി കമ്മിറ്റി ശബരിമലയിൽ രണ്ടുതവണ സന്ദർശിക്കുകയുണ്ടായി. രണ്ടാം തവണ സന്ദർശിച്ചപ്പോൾ വലിയ മാറ്റങ്ങളാണ് ശബരിമലയിൽ ഉണ്ടായിട്ടുള്ളത്. അവിടെ എത്തുന്ന ആരാധകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുമോ; ഈ ഗവൺമെന്റ് അവിടെ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്; ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ബഹുമാനപ്പെട്ട ഹംസ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ രണ്ട് കാർഡിയോളജി സെന്ററുകളും നടന്നുകയറുന്ന ഭാഗങ്ങളിൽ 11 ഓളം ഓക്സിജൻ പാർലറുകളും ഇത്തവണ പ്രവർത്തിപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 650 പുതിയ ടോയ്ലറ്റുകളും 80-ഓളം കുളിമുറികളും അധികമായി സംഘടിപ്പിച്ചിട്ടുണ്ട്. ആവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ് : സർ, കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ 500 ഓളം ചെറുതും വലുതുമായ ക്ഷേത്രങ്ങളുണ്ട്. അതിൽ മഹാഭൂരിപക്ഷവും ദേവസ്വം ബോർഡിന്റെ കീഴിലുള്ളതാണ്. എട്ടുവീട്ടിൽ പിള്ളമാരെ നാടുകടത്തിയശേഷം കഴക്കൂട്ടത്ത് പിള്ള, ചെമ്പഴന്തി പിള്ള, വേളി പിള്ള എന്നിവരുടെ സ്വത്തുവകകൾ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ദേവസ്വം ബോർഡിന് വിട്ടതായിട്ടാണ് രേഖയുള്ളത്. കഴക്കൂട്ടം ജംഗ്ഷനിലുള്ള കുറെ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. ദേവസ്വം ബോർഡിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കഴക്കൂട്ടം ജംഗ്ഷനിൽ നാഷണൽ ഹൈവേയോട് ചേർന്ന് കാടുപിടിച്ച് കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്താനാശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ദേവസ്വം ബോർഡ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. ടി. ജലീൽ : സർ, എന്റെ നിയോജക മണ്ഡലത്തിൽ അനാഥമായി കിടക്കുകയായിരുന്ന ചന്ദനക്കാവിലെ മേൽപ്പത്തൂർ ഇല്ലപ്പറമ്പിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരണത്തിലേക്ക് എത്തിയിരിക്കുന്നു. അവിടെ മേൽപ്പത്തൂർ നാരയണ ഭട്ടതിരിപ്പാടിന്റെ ഒരു സ്മാരക സമുച്ചയം ഉണ്ടാക്കുന്നതിനായി ആ പ്രദേശവാസികളുടെ ആഗ്രഹപ്രകാരം ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഗുരുവായൂർ ദേവസ്വത്തിന് സമർപ്പിക്കുകയും, ഗുരുവായൂർ ദേവസ്വം 35 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. അത് അനുമതിക്കായി കമ്മീഷണറേറ്റിലേക്ക് അയച്ചിട്ടുണ്ട്. അതിന് ഇതുവരെ അനുമതി കിട്ടിയിട്ടില്ല. അങ്ങ് അതിന് പ്രത്യേകമായി താൽപ്പര്യമെടുത്ത് പെട്ടന്ന് അനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടിന്റെ സ്മാരകസ്ഥലം ഞങ്ങൾ രണ്ടുപേരും സന്ദർശിക്കുകയുണ്ടായി. നിവേദനം ദേവസ്വം ബോർഡിന് ലഭിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ക്ഷേത്രങ്ങളിലെ പശ്ചാത്തല സൗകര്യം ഒരുക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് ഹൈന്ദവ സഹോദരങ്ങൾക്ക് മാത്രമല്ല, ക്രിസ്ത്യൻ-മുസ്ലീം സഹോദരങ്ങൾക്കും വേണ്ടത്ര താൽപ്പര്യമുണ്ട് എന്ന് മനസ്സിലാക്കുന്ന നിലയിൽ അവർക്കൊക്കെ അവസരം നൽകുന്ന ഈ നിയമസഭയുടെ അമൂല്യമായിട്ടുള്ള സംസ്ക്കാരത്തെ ഉയർത്തിപ്പിടിക്കുന്ന അങ്ങയുടെ വീക്ഷണത്തെ ഞാൻ അഭിനന്ദിക്കുന്നു. ക്ഷേത്രങ്ങൾ ക്ഷേത്ര ആരാധന മാത്രം നടത്തുന്ന സ്ഥലങ്ങളല്ല. സാംസ്ക്കാരിക പ്രവർത്തനങ്ങളുടേയും വിവിധ കലകളുടേയും വലിയ ഒരു കേന്ദ്രം കൂടിയാണ്. അങ്ങനെയുള്ള ക്ഷേത്രങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യ ക്ഷേത്രം. ആ ക്ഷേത്രവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ദേവസ്വം വകുപ്പും സാസ്കാരിക വകുപ്പും നടത്തുന്നുണ്ട്. നിലവിൽ സ്വത്തുക്കളുള്ള കൂടൽ മാണിക്യക്ഷേത്രത്തിന്റെ സ്വത്തുക്കളെ സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുകയാണ്. അതിനാൽ ക്ഷേത്രം വക സ്വത്തുക്കൾ ശരിയായ നിലയിൽ മനസ്സിലാക്കി അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തുകൊണ്ട് തർക്കങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കൂടൽമാണിക്യ ക്ഷേത്രം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ബി.ഡി. ദേവസ്സി : സർ, ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഒരു ഉത്സവമാണ് ആറ്റുകാൽ പൊങ്കാല. ബഹുമാനപ്പെട്ട കോടതിയുടെ ഇപ്പോഴത്തെ ഉത്തവ് പ്രകാരം ഇത്തരം പരിപാടി നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടാകുമോ; അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ഇതുമായി ബന്ധപ്പെട്ട കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഇവിടെ ചോദ്യം വന്നത് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട അമ്പലങ്ങളുടെ കാര്യമാണ്. നമ്മുടെ നാട്ടിൽ ഒരുപാട് സ്വകാര്യ അമ്പലങ്ങളുണ്ട്. പല അമ്പലങ്ങളിലും വിളക്ക് വയ്ക്കാൻ പോലും ബുദ്ധിമുട്ടാണ്. എന്നു മാത്രമല്ല, അവിടെയുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നകാര്യവും വലിയ ബുദ്ധിമുട്ടാണ്. അതുകൊണ്ട് സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കുവേണ്ടി ഒരു ക്ഷേമനിധി ഉണ്ടാക്കുന്ന കാര്യം അങ്ങ് പരിഗണിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ഇതിനെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, എന്റെ നാട്ടിൽ ഒരു ക്ഷേത്രമുണ്ട്. താന്നൂർ ശോഭാ പറമ്പ് ക്ഷേത്രം. അവിടത്തെ പൂജാരിയെ നിയമിക്കുന്നത് മുസ്ലീം കുടുംബത്തിലെ ഒരു കാരണവരാണ്. രണ്ടുമൂന്നു മാസം മുമ്പ് ഇപ്പോഴത്തെ പൂജാരിയെ നിയമിച്ചതും ഒരു മുസ്ലീം കാരണവരാണ്. ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചൂണ്ടിക്കാണിച്ച നരസിംഹമൂർത്തി ക്ഷേത്രം ഒരിക്കൽ കത്തിയപ്പോൾ അതിന്റെ പുനരുദ്ധാരണ കമ്മിറ്റിയുടെ ചെയർമാൻ മുസ്ലീം ലീഗിന്റെ അന്നത്തെ ബ്ലോക്ക് പ്രസിഡന്റായിരുന്ന ശ്രീ. എ. പി. മുഹമ്മദ് ആയിരുന്നു. പണ്ട് വിശ്വാസികൾ തമ്മിൽ സഹകരിച്ചു സ്നേഹിച്ചുമാണ് ജീവിച്ചിരുന്നതെന്നും ഇപ്പോഴും അങ്ങനെയാണ് ജീവിക്കുന്നത് എന്നുമുള്ള വാർത്തകൾക്ക് പ്രചാരം നൽകാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ നിയമസഭാ സമാജികർ ക്ഷേത്ര വിശ്വാസവുമായി ബന്ധപ്പെട്ട് നടത്തിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതാർഹമാണ്. ഈ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. ബാബുപോൾ : സർ, തിരുവിതാംകൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രകലാ പീഠങ്ങളിൽ പഠിച്ചിറങ്ങുന്നവർക്ക് തിരുവിതാകൂറിൽ മാത്രമാണ് ഇപ്പോൾ നിയമനം നൽകുന്നത്. കൊച്ചി, മലബാർ ദേവസ്വങ്ങളിൽകൂടി ഇവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നയിക്കപ്പെട്ട ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം വളരെ പ്രശസ്തമായ ഒരു ക്ഷേത്രമാണ്. അതിനടുത്താണ് ഞാൻ താമസിക്കുന്നത്. പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി അതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പരിപോഷിപ്പിക്കാൻ സാധിക്കുമോ ; ക്ഷേത്രത്തിലെ 35 സെന്റ് സ്വത്ത് ഗ്രാമീണ ബാങ്കിൽ പണയം വച്ചത് ക്രമവിരുദ്ധമാണെന്ന് സൂചിപ്പിച്ചുകൊണ്ട് എനിക്ക് ഒരു നിവേദനം കിട്ടിയിട്ടുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : ബഹുമാനപ്പെട്ട എം. എൽ. എ. ചൂണ്ടിക്കാണിച്ച കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആ കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യസംസ്ക്കരണ മേഖലയിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ

3 (* 633) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ .:
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസംസ്ക്കരണ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

(സി) വനിതാ പീലിംഗ് തൊഴിലാളികൾക്ക് സർക്കാർ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) യൂറോപ്യൻ യൂണിയന്റെ അംഗീകാരമുള്ള എത്ര സംസ്ക്കരണ ശാലകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ഇ) സംസ്ക്കരണ ശാലകളുടെ ഭരണപരമായ നിയന്ത്രണം ഏത് ഏജൻസിക്കാണ് ;

(എഫ്) കേരളത്തിൽ നിന്നുള്ള മത്സ്യ കയറ്റുമതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ & ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്തെ മത്സ്യ സംസ്ക്കരണ ശാലകളിൽ വിവിധതരം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ച് സംരക്ഷണങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അപര്യാപ്തമെങ്കിൽ സ്വീകരിക്കേണ്ട നടപടി

LIBRARY ARCHIVES Kerala Legislative Assembly